**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4607** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഗവി പാക്കേജിൽ ട്രക്കിംഗ് ചാർജ് ഉൾപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഗവി പാക്കേജിൽ ട്രക്കിംഗ് ചാർജ് ഉൾപ്പെടുത്തി നിരക്ക് വർദ്ധിപ്പിച്ചത് പ്രാദേശിക ടൂറിസ്റ്റുകൾ കൂടുതലായി എത്തുന്നതിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ട്രക്കിങ് ചാർജ് ഒഴിവാക്കി പാക്കേജ് നടപ്പാക്കുവാൻ ഗതാഗത വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | പുതുക്കിയ ഗവി പാക്കേജ് വന്നതിനു ശേഷവും KSRTC പാക്കേജിൽ സന്ദർശകർ എത്തിയിരുന്നു. എന്നാൽ മെയ് മുതൽ ശക്തമായ മഴ ആരംഭിച്ചതിനാൽ പല ദിവസവും ടൂറിസം നിരോധനം നിലനിന്നിരുന്നു. ഇക്കാരണത്താൽ കെ.എസ്.ആർ.ടി.സി യുടെ ഗവി പാക്കേജിൽ നിരക്കുവർദ്ധന മൂലം പ്രാദേശിക ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവു വന്നതായി കണ്ടെത്താൽ സാധിച്ചിട്ടില്ല.<br><br>കെ എഫ് ഡി സി യുടെ തോട്ടം മേഖലയിലെ നഷ്ടം നികത്തി തൊഴിലാളികൾക്ക് വേതനം നൽകാൻ ഉദ്ദേശിച്ചാണ് ടൂറിസം പാക്കേജ് ആരംഭിച്ചത്. വനത്തിനുള്ളിൽ ഇക്കോ ടൂറിസം നടത്തുന്നതിന്റെ അധിക ചെലവുകൾ, യാത്ര ചെലവുകൾ, സംവഹന ക്ഷമത (carrying capacity) എന്നിവ കണക്കാക്കി ടൂറിസ്റ്റുകൾക്കായി നിശ്ചയിച്ച നൽകിയിട്ടുള്ള ഭക്ഷണം, ബോട്ടിങ്, ട്രക്കിങ്, ഏലത്തോട്ട സന്ദർശനം എന്നിവ ഉൾപ്പെട്ട പാക്കേജ് നിരക്കാണ് നിലവിലുള്ളത്. അതിൽ ട്രക്കിങ്ങിനായി പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടില്ല. കൊച്ചു പമ്പ ഇക്കോ ടൂറിസം പ്രോഗ്രാമിന് നിശ്ചയിച്ചിട്ടുള്ള യഥാർത്ഥ നിരക്കിൽ നിന്നും, കെ എസ് ആർ ടി സി യ്ക്കു പ്രത്യേക പരിഗണന നൽകികൊണ്ട് കെ എസ് ആർ ടി സി പാക്കേജിൽ വരുന്നവർക്കു നിരക്കിൽ 10% കിഴിവും നൽകി വരുന്നുണ്ട്. KSRTC യുടെ അപേക്ഷ പരിഗണിച്ച് പാക്കേജിന്റെ ആകർഷണീയത വർധിപ്പിക്കുന്നതിനു, ട്രക്കിങ് നടത്താൻ താൽപ്പര്യമില്ലാത്തവർക്കായി നിരക്കിൽ ചെറിയ കുറവ് വരുത്തുകയോ മറ്റ് സന്ദർശന സൗകര്യം തുറന്നുകൊടുക്കുകയോ ചെയ്യുന്ന വിഷയം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ